ഉത്തരം

(എ) നാല് തവണ.

(ബി) വലതും ചെറുതുമായ പൈപ്പുകളിൽ ഗാർഹിക കണക്ഷനുകളിലെ ലീക്കുൾപ്പെടെ 800-ഓളം സ്ഥലത്ത് പൈപ്പ് പൊട്ടൽ/ചോർച്ച ഉണ്ടായിട്ടുണ്ട്.

(സി) 300 മി. മീറ്ററിൽ കൂടുതൽ വ്യാസമുള്ള പൈപ്പുകളുടെ ലീക്കുകൾ 24 മണിക്കൂറിനകവും ബാക്കിയുള്ളവ 12 മണിക്കൂറിനകവും എയർ വാൽവുകളിലെ ലീക്കുകൾ 6 മണിക്കൂറിനകവും പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്.

(ഡി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) പ്രതിദിനം 1641 ലക്ഷം ലിറ്റർ ശുദ്ധജലം ശേഖരിക്കാൻ ശേഷിയുണ്ട്.

(ജി) ഉന്നതതല നിരീക്ഷണ സംവിധാനമായി ഒരു "ക്രൈസിസ് മാനേജ്മെന്റ്" സംവിധാനം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ സർവെയിലൻസ് വിഭാഗം വഴി സൂക്ഷ്മ നിരീക്ഷണവും ഏർപ്പാടാക്കിയിട്ടുണ്ട്.

(എച്ച്) തിരുവനന്തപുരത്ത് വെള്ളയമ്പലത്തുള്ള വാട്ടർ വർക്സ് കാമ്പസിലെ എമർജൻസി യൂണിറ്റിലോ, പി. എച്ച്. ഡിവിഷനിലോ പരാതി അറിയിക്കുകയാണെങ്കിൽ ആ പരാതിയെപ്പറ്റി അന്വേഷിച്ച് ഉടൻതന്നെ പരിഹാരം കാണുന്നതിനുള്ള സംവിധാനം ഉണ്ട്. ഇതുകൂടാതെ തിരുവനന്തപുരം നഗരമേഖലയിലെ പൈപ്പു ലൈനുകളുടെ ചോർച്ചയും തടസ്സവും പരിഹരിക്കുന്നതിനുവേണ്ടി നഗരമേഖലയെ 17 ഭാഗങ്ങളായി തരം തിരിച്ച് അതാത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ ഓരോ ഭാഗങ്ങളേയും ഓരോ കരാറുകാർക്കായി കാലതാമസം കൂടാതെ അറ്റകുറ്റപ്പണി നടത്താനായി കരാർ കൊടുത്തിട്ടുണ്ട്.

കണ്ടോത്ത് താഴെ സബ് കനാലിന്റെ അറ്റകുറ്റപ്പണി

66 [1784] ശ്രീ. കെ. പി മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലൂടെയുള്ള പഴശ്ശി ഇറിഗേഷൻ പദ്ധതിയുടെ സബ് കനാലായ കണ്ടോത്ത് താഴെ കനാൽ പൊട്ടിതകർന്നതുമൂലം വർഷങ്ങളായി മഴക്കാലത്ത് വെള്ളപ്പൊക്കംമൂലം കൃഷിനാശം സംഭവിക്കുന്നതും റോഡ് ഗതാഗതയോഗ്യമല്ലാതാവുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഇത് പരിഹരിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി

67 [1785] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മംഗലം ഡാമിലെ ജലം ഉപയോഗപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി തുടങ്ങിയ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു പദ്ധതി ജല അതോറിറ്റിയുടെ ഐ.പി.ഡി. വിഭാഗം പരിശോധിച്ച് വരികയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് 1992-ൽ പാലക്കാട് ഐ.പി.ഡി. വിഭാഗം ഡിവിഷൻ ഓഫീസിൽ തയ്യാറാക്കുകയും 1994-ൽ ഐ.പി.ഡി. വിഭാഗം ചീഫ് എഞ്ചിനീയർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചശേഷമേ നിർമ്മാണ പ്രവർത്തനം തുടങ്ങുവാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly